ഭരണഭാഷ – മാതൃഭാഷ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്

തിരുവനന്തപുരം

**DTETVM/6324/2025-P4 (PEN)** **26-07-2025**

പരിപത്രം

വിഷയം വിദ്യാഭ്യാസം-സാങ്കേതികം-പെൻഷൻ സെക്ഷൻ -ഫയൽ അദാലത്തുമായി ബന്ധപ്പെട്ട് ഫയലുകൾ തീർപ്പാക്കുന്നതിലേയ്ക്കായി സർവീസിൽ നിന്നും വിരമിച്ച് പെൻഷൻ ആനുകൂല്യങ്ങൾ പൂർണ്ണമായി അനുവദിക്കുകയും നടപടികൾ പൂർത്തിയാക്കിയതുമായ ജീവനക്കാരുടെ സേവന പുസ്തകം അയക്കുന്നത് - സംബന്ധിച്ച് -

സൂചന **19/05/2022,03/04/2023 ,28/09/2023** തീയതികളിലെ **P3/17293/22** നമ്പർ പരിപത്രങ്ങൾ

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ/ എയ്ഡഡ് എഞ്ചിനീയറിങ് കോളേജുകൾ /പോളിടെക്നിക് കോളേജുകൾ/സർക്കാർ ടെക്നിക്കൽ ഹൈസ്കൂളുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും വിരമിക്കുകയും പെൻഷൻ ആനുകൂല്യങ്ങൾ പൂർണമായും അനുവദിക്കുകയും നടപടികൾ പൂർത്തിയാക്കി കഴിഞ്ഞതുമായ ജീവനക്കാരുടെ സ്ഥാപനങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന സേവന പുസ്തകങ്ങൾ അടിയന്തിരമായി ഈ കാര്യാലയത്തിലേയ്ക്ക് അയക്കുന്നതിനുള്ള നടപടികൾ സ്ഥാപന മേധാവികൾ സ്വീകരിക്കേണ്ടതാണ് എന്ന് സൂചന സർക്കുലറുകൾ പ്രകാരം നിർദ്ദേശം നല്കിയിരുന്നു.

എന്നാൽ ടി നിർദ്ദേശം അനുസരിച്ച് വിരമിച്ച ജീവനക്കാരുടെ സേവന പുസ്തകങ്ങൾ സ്ഥാപനങ്ങളിൽ നിന്നും തിരികെ ഡയറക്ടറുടെ കാര്യാലയത്തിൽ അയക്കാതെ അവ സ്ഥാപനങ്ങളിൽ തന്നെ സൂക്ഷിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ആവർത്തിച്ച് നിർദ്ദേശം നൽകിയിട്ടും ടി നിർദ്ദേശം പാലിക്കാതെ തുടരുന്നത് ഉചിതമല്ല എന്ന വിവരം സ്ഥപനമേധാവികളെ അറിയിക്കുന്നു .

ആയതിനാൽ നിലവിൽ ഫയൽ അദാലത്തുമായി ബന്ധപ്പെട്ട് ഫയലുകൾ തീർപ്പാക്കുന്നതിലേയ്ക്കായി വിരമിച്ച എല്ലാ ജീവനക്കാരുടെയും സ്ഥാപനങ്ങളിൽ സൂക്ഷിയ്ക്കുന്ന സേവനപുസ്തകങ്ങൾ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് **2025 ജൂലൈ മാസം 31 നു മുൻപായി** ഈ കാര്യാലയത്തിലേയ്ക്ക് അടിയന്തിരമായി അയക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇപ്രകാരം സേവനപുസ്തകം അയക്കുന്ന കത്തിടപാടുകളിൽ ബന്ധപ്പെട്ട ഫയലിലെ ഈ കാര്യാലയത്തിലെ ഫയൽ നമ്പറുകൾ സൂചനയിൽ രേഖപ്പെടുത്തേണ്ടതാണ്

**SHEFEEK AHAMMAD C M**

**SENIOR FINANCE OFFICER**

സ്വീകർത്താവ്

1.എല്ലാ സർക്കാർ /എയ്ഡഡ്
എഞ്ചിനീയറിങ് കോളേജ് പ്രിൻസിപ്പാൾമാർക്കും

2. എല്ലാ സർക്കാർ പോളിടെക്നിക് കോളേജ്
പ്രിൻസിപ്പാൾമാർക്കും

3. എല്ലാ സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ
പ്രിൻസിപ്പാൾമാർക്കും

4.കരുതൽ ശേഖരം /ഫയൽ

**Signed by Shefeek Ahammad C M**
**Date: 26-07-2025 14:55:05**